**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4974** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും കഴിയുന്ന ഒരു വകുപ്പായി തൊഴിൽ വകുപ്പിനെ മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധന നടത്തി നിയമലംഘനങ്ങൾക്ക് ബന്ധപ്പെട്ട നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നു. ഗ്രാറ്റുവിറ്റി നിയമപ്രകാരം ബന്ധപ്പെട്ട കൺട്രോളിംഗ് അതോറിറ്റികൾക്ക് മുൻപാകെ ലഭിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നു.<br><br>കേരളത്തിലെ സ്വകാര്യ സ്ഥാപനങ്ങളെ തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിന്റെയും പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തി വിവിധ ഗ്രേഡുകൾ നൽകുന്നതിനായി "ഗ്രേഡിംഗ്" നടപ്പാക്കിയിട്ടുണ്ട്.<br><br>ബന്ധപ്പെട്ട മേഖലയിൽ തൊഴിലാളികൾക്കുള്ള അറിവിന്റെയും അർപ്പണ മനോഭാവത്തിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ മികച്ച തൊഴിലാളിയെ കണ്ടെത്തി ആദരിക്കുന്നതിനായി 17 തൊഴിൽ മേഖലകളിൽ തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകി വരുന്നു.<br><br>സംസ്ഥാനത്ത് ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്കായി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ഫെസിലിറ്റേറ്റർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| | | | വിവിധ തൊഴിൽ മേഖലകളിൽ നിലനിൽക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പിന് കീഴിൽ 13 വ്യവസായ ബന്ധ സമിതികളും ഒരു വ്യവസായ ബന്ധസമിതി ബോർഡും പ്രവർത്തിച്ചു വരുന്നു.<br><br>സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ മുഖേന അതത് ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| (ബി) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയം മൗലികമായ തൊഴിൽ പ്രശ്നങ്ങളിൽ നിസ്സംഗത പാലിക്കുന്നതും അസംഘടിത മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും ഇല്ലാത്തതുമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വസ്തുതാപരമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കിക്കൊണ്ട് കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും, സംസ്ഥാനത്തിന്റെ സർവ്വോന്മുഖമായ വികസനം ലക്ഷ്യം വച്ച് സമസ്ത മേഖലകളെയും ഉൾപ്പെടുത്തിയുമാണ് സർക്കാർ തൊഴിൽ നയം ആവിഷ്കരിച്ചിട്ടുള്ളത്.<br><br>തൊഴിൽ മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കൽ, തൊഴിൽ നിയമങ്ങളുടെ നടപ്പിലാക്കൽ, സ്ത്രീ സൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കൽ, ബാലവേല നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മിനിമം വേതനം നടപ്പിലാക്കാൽ അതിഥി തൊഴിലാളികളുടെ സംരക്ഷണം, പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങളുടെ പരിഹാരം തുടങ്ങി എല്ലാ മേഖലകളും തൊഴിൽ നയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സ്വയം തൊഴിൽ ചെയ്യുന്നവരുൾപ്പെടെ അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷയും ഈ നയം ഉറപ്പു വരുത്തുന്നു. തൊഴിൽ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അനൗപചാരിക തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിനമുള്ള കുറഞ്ഞ കൂലി അറുന്നൂറ് രൂപയായി ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | 1948 – ലെ മിനിമം വേതന നിയമപ്രകാരമുള്ള മാനദണ്ഡ ങ്ങൾക്കനുസരിച്ചാണ് മിനിമം വേതനം നിശ്ചയിക്കുന്നതും. പുതുക്കി നിശ്ചയിക്കുന്നതും സംസ്ഥാനത്ത് 1948 – ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മിനിമം വേതന നിയമത്തിന്റെ |

| | | | |
|---|---|---|---|
| | | | ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തൊഴിൽ മഖലകളിലെ വ്യത്യസ്ത വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകം പ്രത്യേകം നിരക്കിലുള്ള മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | എല്ലാ പരമ്പരാഗത വ്യവസായങ്ങളിലും ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ